# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.9)1366/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.9)1366/23 തീയ്യതി: 19/10/2023

## എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.റസിയബീവി ജെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ പി ജോർജ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി | സെക്രട്ടറി | 01-04-2022 | 10-10-2022 |
| ശ്രീ.ജോർജ് വി | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റെയ്സൺ വി വർഗ്ഗീസ് | അസി:സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. മായാദേവി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. അനിൽകുമാർ എൻ.ആർ. | മെഡിക്കൽ ഓഫീസർ, ആയർവേദം | 01-04-2022 | 31-03-2023 |
| ഡോ. ശ്രീലേഖ ടി.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 07-01-2023 |
| ഡോ. നാൻസി ഇ എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-01-2023 | 12-02-2023 |
| ഡോ.നിർമ്മല പ്രതാപ് പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 13-02-2023 | 31-03-2023 |
| ശ്രീമതി. ആശാ പോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.മനോജ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 29-12-2022 |
| ശ്രീ.രാകേഷ് എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-12-2022 | 31-03-2023 |
| ശ്രീമതി. കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2022 | 30-06-2022 |
| ശ്രീ.ഷൈൻ ജോസഫ് | ഹെഡ്മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ഡോ.സിമാല്യ ജോർജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷാരോൺ വി എം | കൃഷി ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. | കൃഷി ഓഫീസർ | 01-06-2022 | 20-06-2022 |

| | | | |
|---|---|---|---|
| ഗായത്രി.എം.എൻ | | | |
| ശ്രീമതി.ഷാരോൺ വി.എം | കൃഷി ഓഫീസർ | 21-06-2022 | 25-07-2022 |
| ഒഴിവ് | - | 26-07-2022 | 04-08-2022 |
| ശ്രീമതി. പ്രിയാമോൾ തോമസ് | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ലൈഫ് ലോൺ- ബാധ്യതയിലധികം തുക കുറവ് ചെയ്തു | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുന്നില്ല | 1-1-5 |
| 7 | സർക്കാരിലേക്ക്/മറ്റ് സ്ഥാപനങ്ങളിലേക്കുള്ള തുക അടവാക്കുന്നില്ല | 1-1-6 |
| 8 | ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല. | 1-1-7 |
| 9 | വെള്ളക്കരം ഇനത്തിലെ ബാധ്യത- മുൻവർഷം അടവാക്കിയ തുക കുറവ് വരുത്തിയില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിശകലനം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതിക**ൾ** | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | നികുതി/നികുതിയേതര വരവുകളുടെ അവലോകനം | 1-11 |
| 20 | ഗ്രാമസഭ | 1-12 |
| 21 | ദുരിതാശ്വാസ നിധി-പ്രവർത്തനക്ഷമമല്ല. | 1-13 |
| 22 | ദുരന്ത നിവാരണ കമ്മിറ്റി | 1-14 |
| 23 | വസ്തുനികുതി നിർണ്ണയ അപാകത | 1-15 |
| 24 | ജീവനക്കാരുടെ തൊഴിൽനികുതി | 1-16 |
| 25 | സ്ഥാപന തൊഴി**ൽ** നികുതി | 1-17 |
| 26 | എഫ് ടി ഇ & ഒ എസ് ലൈസൻസ് | 1-18 |
| 27 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-19 |
| 28 | പാലിയേറ്റീവ് വാഹനത്തിന്റെ ചെലവുകൾ തനതുഫണ്ടിൽ നിന്നും നൽകി | 1-20 |

| | | |
|---|---|---|
| 29 | റോഡ് കണക്റ്റിവിറ്റി മാപ്പ്- പ്രവൃത്തി പൂർണ്ണമാക്കിയിട്ടില്ല | 1-21 |
| 30 | എസ്.എസ്.എ വിഹിതം (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 31 | എസ്.എസ്.എ വിഹിതം(എസ്.സി)-വിനിയോഗ വിവരമില്ല | 1-22-1 |
| 32 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 33 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-24 |
| 34 | പൊതുടാപ്പുകൾ- തുക ചെലവഴിച്ചതിലെ അപാകതകൾ | 1-25 |
| 35 | പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികൾ | 1-26 |
| 36 | നെൽക്കൃഷി സംരക്ഷണം- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023 ലെ 3-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 19/10 /2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3656704/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹60539888 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി (നോൺ റസിഡൻഷ്യൽ) ഇനത്തിൽ₹ 156316 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-4 ലൈഫ് ലോൺ- ബാധ്യതയിലധികം തുക കുറവ് ചെയ്തു

ലൈഫ് ഭവനപദ്ധതിക്കായുള്ള ലോണിനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്നത് ₹7,31,999/- രൂപയാണ്. ഓഡിറ്റ് വർഷത്തിൽ ഈ പദ്ധതിക്കായി ലോൺ വരവില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും (ജനറൽ, എസ്.സി.പി ₹12,45,172/- ഉത്തരത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | ₹731999 |
| തൻവർഷത്തെ ലോൺ തുക | | | 0 |
| തൻവർഷം ആകെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | ₹731999 |
| തിരിച്ചടവ് : ഉൽഭവത്തിൽ കുറവ് ചെയ്ത തുക | | | |
| ജി.ഒ.പ്രോജക്ട് നം. | ഗ്രാന്റ് ഇനം | തുക | ₹1245172 |
| 194/23 | എസ്.സി.പി. | ₹225705 | |
| 189/23 | എസ്.സി.പി. | ₹225705 | |
| 188/23 | ജനറൽ | ₹396881 | |
| 193/23 | ജനറൽ | ₹396881 | |
| അധികമായി ഉൽഭവത്തിൽ കുറവ് ചെയ്ത തുക | | | ₹513173 |

ഓഡിറ്റ് പരാമർശങ്ങൾ

എ)ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി കുറവ് ചെയ്ത ₹513173 ബാലൻസ് ഷീറ്റിൽ ആസ്തികണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി)ഉറവിടത്തിൽ നിന്ന് കുറവാക്കിയപ്പോൾ തന്നെ തുക തിരികെ ലഭിക്കുന്നതിന് ഉചിതമാർഗ്ഗേണ ധനകാര്യ വകുപ്പിന് കത്ത് നല്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 18.08.2023ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 2023-24 വർഷത്തിൽ ലോൺ ലഭ്യമായിട്ടുണ്ടെന്നും 22-23 ൽ കുറവ് ചെയ്ത തുക 23-24 പദ്ധതിയിൽ ക്രമീകരിക്കുന്നതാണെന്നും വ്യക്തമാക്കി.

തുക ക്രമീകരിക്കുകയോ തിരികെ ലഭ്യമാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുന്നില്ല

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4-ഷെഡ്യൂൾ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഏതാനും പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തൻ വർഷത്തിലും ചെലവഴിച്ചിട്ടില്ല. മുൻവർഷങ്ങളിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ് ഈ വർഷവും ബാക്കിയുള്ളത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | 31.03.2023ലെ നീക്കിയിരിപ്പ് | നീക്കിയിരുപ്പായി തുടങ്ങിയ വർഷം |
|---|---|---|---|
| 1, | Awards And Honours (320100105) | 200000/- | 2015-16 മുതൽ. (320900399 എന്ന ഹെഡ് കോഡിലാണ് മുൻവർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്) |
| 2 | Funds For Transferred Insituions -Fisheries Capital (3202000203) | 1665/- | 2015-16 മുതൽ. ഹെഡ് കോഡിൽ മാറ്റമില്ല. |
| 3 | Grants, Funds & Contributions For Specific Purposes - Other Government Agencies (320300199) | 432650/- | 2020-21 മുതൽ. ഹെഡ് കോഡിൽ മാറ്റമില്ല. |

മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ എന്താവശ്യത്തിന് ലഭിച്ചതാണെന്നറിയിക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-1/16.08.23) മറുപടിയായി ക്രമ.നം-1 ബഡ്സ് സ്കൂളിന് വേണ്ടി കുടുംബശ്രീയിൽ നിന്നും അനുവദിച്ചതാണെന്നും 2023-24 വർഷം ആയതിന് വേണ്ടി പദ്ധതി ആവിഷ്കരിച്ചെന്നും അറിയിച്ചു. ക്രമ.നം 2, 3 എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കി.

ഓഡിറ്റ് നിർദ്ദേശം

ലഭ്യമായ ഗ്രാന്റ് തുകകൾ പ്രോജക്ട് തയ്യാറാക്കി ചെലവഴിച്ച് ബാധ്യത ഹെഡിൽ നിന്നും ഒഴിവാക്കേണ്ടതാണ്. വിനിയോഗിക്കുവാൻ കഴിയുന്നില്ലായെങ്കിൽ ആയവ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

### 1-1-6 സർക്കാരിലേക്ക്/മറ്റ് സ്ഥാപനങ്ങളിലേക്കുള്ള തുക അടവാക്കുന്നില്ല

ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ സർക്കാരിലേക്ക്/മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഫണ്ട് ഇനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 350300107 | Government And Other Dues Payable - River Management Fund | 36,72,327 | 2018-19 മുതൽ ബാധ്യതയായി തുടരുന്നു |
| 2 | 350300108 | Government And Other Dues Payable – Royalty | 1,16,600 | 2018-19 മുതൽ ബാധ്യതയായി തുടരുന്നു |
| 3 | 350300199 | Government And Other Dues Payable – Others | 4,47,767 | 2020-21 മുതൽ ബാധ്യതയായി തുടരുന്നു |
| 4 | 350400999 | Refund Of Unutilised Grants-Prior Period | 1,62,586 | 2020-21 മുതൽ ബാധ്യതയായി തുടരുന്നു |

മേൽ തുകകളുടെ വിശദാംശങ്ങളും ആയത് അടവാക്കാത്തതിന്റെ കാരണവും അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം-7/17.08.23) നൽകിയിരുന്നു. ആയതിന്റെ മറുപടി പരിഗണിച്ചുള്ള പരാമർശങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

എ) ക്രമ.നം-1:- റിവർ മാനേജ്മെന്റ് ഫണ്ടിലേക്കുള്ള തുക അടവാക്കുന്നതിനുള്ള ശേഷി നിലവിൽ പഞ്ചായത്തിനില്ലായെന്നും ദൈനംദിന ചെലവിന് പോലും ഗ്യാപ് ഫണ്ടിനെ ആശ്രയിക്കേണ്ടി വരുന്ന പഞ്ചായത്താണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സർക്കാരിലേയ്ക്കുള്ള തുകകൾ അടവ് വരുത്താതെ ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തി പോരുന്നത് ഭാവിയിൽ പലിശയുൾപ്പെടെ ഭീമമായ ബാധ്യതയാകാനിടയുണ്ട് എന്നതിനാൽ ഈ വിഷയത്തിൽ ഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഉചിതമായ

നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ബി) ക്രമ.നം-2:-റോയൽറ്റി ഇനത്തിൽ തുക അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

സി) ക്രമ നമ്പർ-3:- ഈ ഹെഡിൽ സൂചിപ്പിച്ചിട്ടുള്ള ബാധ്യത തുക ഓഡിറ്റ് റിക്കവറി ഇനത്തിലുള്ളതും (47103) വാട്ടർ അതോറിറ്റിയിലെ ഡെപ്പോസിറ്റ് തുകകളിലെ ബാലൻസും (341685) തൊഴിലുറപ്പ് പദ്ധതിയുമായി (55979) ബന്ധപ്പെട്ടതാണെന്നുമാണ് അറിയിച്ചത്. ഇവയിൽ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതും സർക്കാരിലേയ്ക്ക് അടവാക്കേണ്ടതുമായ തുകകളുടെ വിവരം പരിശോധിച്ച് അതാത് ഹെഡിലേക്ക് അടവാക്കി വിവരമറിയിക്കേണ്ടതാണ്.

ഡി) ക്രമ.നം-4:- ഹെഡ് പ്രകാരമുള്ള 162586 രൂപയുടെ ലെഡ്ജർ പരിശോധിച്ചതിൽ ₹155116/- 139/17നമ്പർ പ്രോജക്ട്-പൈപ്പ് ലൈൻ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് KWA ൽ നിന്ന് ലഭ്യമായ തുകയാണെന്ന് (Unutilised Amount) കാണുന്നു. ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. ബാക്കിയുള്ള ₹7470/- കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-1-7 ഇടപാടുകൾ നടക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

വാർഷികകണക്കുകളിൽ നിലവിൽ ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ കാണുന്നുണ്ട്. അക്കൗണ്ടുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | അക്കൗണ്ട് നമ്പർ | ബാങ്കിന്റെ പേര് | ആവശ്യം | 31.03.2023ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | 0830101014328 | കാനറ ബാങ്ക് | സാക്ഷരത | 4478.00 |
| 2 | 4220 | എസ്.സി.ബി. | ഇ.എം.എസ്. പലിശ മാത്രം | 2588.00 |

മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട് (എൻക്വയറി-12/18.08.23) ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-8 വെള്ളക്കരം ഇനത്തിലെ ബാധ്യത- മുൻവർഷം അടവാക്കിയ തുക കുറവ് വരുത്തിയില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മുൻ വർഷത്തെ ബാധ്യത തുക (₹1,01,04,343/-) തന്നെയാണ് ഈ വർഷവും ബി-9 ഷെഡ്യൂളിൽ (ഹെഡ്.കോഡ്-350100903) ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത്. 2021-22 വർഷം സെക്രട്ടറി നിർവഹണം ചെയ്ത പ്രോജക്ട് മുഖേന (നം-5/22, തുക-₹10,13,500/-) കരം അടവാക്കിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ ഈ തുക കണക്കിലെടുക്കുകയോ 2022-23 ൽ അതോറിറ്റി ഡിമാന്റ് ചെയ്ത തുക ഉൾപ്പെടുത്തി ബാധ്യത പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-6/17.08.23) കുടിശിക പലിശ രഹിതമായി നിലനിർത്തി ഗഡുക്കളായി അടവാക്കുന്നതിന്റെ അനുമതിക്കായി വാട്ടർ അതോറിറ്റിയിൽ കത്ത് നൽകിയിരുന്നുവെന്നും ആയത് പ്രകാരമുള്ള അരിയർ തുക ലഭ്യമാകാത്തതിനാലാണ് കണക്കിൽ ഉൾപ്പെടുത്താതിരുന്നതെന്നും അറിയിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മുൻവർഷങ്ങളിൽ അടവാക്കിയ തുകകളും തൻവർഷത്തെ ഡിമാന്റും കൂടി ഉൾപ്പെടുത്തി ബാധ്യത തുക ക്രമീകരിക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-2 ബജറ്റ്

രാമമംഗലം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് 17.03.2022 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 21.03.2023 ൽ താഴെപ്പറയും പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട് (തീരുമാനം നമ്പർ-1/1)

| | |
|---|---|
| വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | ₹17,91,10,233 |

| | |
|---|---|
| ചെലവ് | ₹17,78,55,500 |
| നീക്കിയിരുപ്പ് | ₹12,54,733 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8164680.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 25234058.00 |
| ആകെ | 33398738.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 21577354.00 |
| നീക്കിയിരിപ്പ് | 11821384.00 |

മേൽ പത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (റസീപ്റ്റ്& പേയ്മെന്റ് പ്രകാരം) | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9989838 | 9989838 | 9949769 | | 40069 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4934590 | 4934590 | 4916613 | | 17977 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 0 | 4570000 | 4570000 | 3350954 | | 1219046 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 23401000 | 23401000 | 14804665 | | 8596335 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied)ബാങ്ക് | 476528 | 1917240 | 2393768 | 2139397 | 254371 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) ട്രഷറി | 0 | 360137 | 360137 | 360137 | - | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 644033 | 2750000 | 3394033 | 1337708 | 2056325 | . |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) ട്രഷറി | 0 | 1876667 | 1876667 | 1446744 | . | 429923 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ഐസിഡിഎസ് (320100125) | 220389 | 724202 | 944591 | 433797 | 510794 | |
| സ്വച്ച് ഭാരത് മിഷൻ (320200304) | 231803 | 0 | 231803 | 76408 | 155395 | |
| അവാർഡ്-സെൻട്രൽ (320100105) | 200000 | 0 | 200000 | 0 | 200000 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ (320100181) | 2309 | 93 | 2402 | 0 | 2402 | |
| ലൈബ്രറി ഗ്രാന്റ് | 4510 | 17550 | 22060 | 22060 | 0 | |
| ലിറ്ററസി ഗ്രാന്റ് (320100197) | 4642 | 131 | 4773 | 295 | 4478 | |
| ഭവനനിധി (320200399) | 207 | 0 | 207 | 0 | 207 | |
| ഫിഷറീസ് (320200203) | 1665 | 0 | 1665 | 0 | 1665 | |
| ആരോഗ്യ ജാഗ്രത (320300103) | 683950 | 0 | 683950 | 18700 | 665250 | |
| ലൈഫ് – സംസ്ഥാന വിഹിതം (320100160) | 180400 | 3220000 | 3400400 | 246290 | 3154110 | |
| നബാർഡ് സഹായം (320300199) | 432650 | 0 | 432650 | 0 | 432650 | |
| എൻ.എച്ച്.എം ഫണ്ട് (320100139) | 500000 | 0 | 500000 | 0 | 500000 | |
| ഹെൽത്ത് ഗ്രാന്റ് (320100201) | 0 | 120390 | 120390 | 118981 | 1409 | |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (320100202) | 0 | 229779 | 229779 | 227094 | 2685 | |

കുറിപ്പ്

1) ധനകാര്യകമ്മീഷൻഗ്രാന്റ് -B4 ഷെഡ്യൂളും ബാങ്ക് ബാലൻസുമായുള്ള വ്യത്യാസം 14374/-രൂപ (ജി.എസ്.ടി ഉൾപ്പെടുന്ന റിക്കവറി തുകകൾ പിടിച്ചതാണ് വ്യത്യാസത്തിന് കാരണം)

2) സംരക്ഷണഗ്രാന്റ് (റോഡ്)

പകുതിയിലേറെ ശതമാനം ലാപ്സായത് (63%) അധികാരികളുടെ വിശിഷ്യ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 98930922 | 108 | 46208564 | 18 | 33 | 68% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2412 | 1061838 | 1064250 | 1062078 | 2172 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 21924368 | 21924368 | 21924368 | 0 |
| ആകെ | 2412 | 22986206 | 22988618 | 22986446 | 2172 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2930400 | 253 |
| വാർദ്ധക്യകാലപെൻഷൻ | 14063000 | 1399 |
| വിധവാപെൻഷൻ | 5434600 | 490 |
| വികലാംഗപെൻഷൻ | 1812200 | 162 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 500800 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2023 തീയതിയിൽ അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13771/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന പോരായ്മകൾ കൂടി പരിഹരിക്കേണ്ടതുണ്ടെന്ന് കാണുന്നു.

1) വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു. ഉചിതമായ നടപടികൾ സ്വീകരിച്ച് ആയത് ഒഴിവാക്കേണ്ടതാണ്.

2) തുടർച്ചയായി ഓഡിറ്റ് പരാമർശം ഉണ്ടായിട്ടും തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുകയോ എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരാതി

രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി സചിത്ര സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്തിട്ടില്ല.

4) വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റ് വർഷം നിധിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

6) ലോൺ രജിസ്റ്റർ, പൊതുടാപ്പുകളുടെ രജിസ്റ്റർ, പ്രത്യേക ഉദ്ദേശ്യഗ്രാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.11.2021 | 01.01.2021 മുതൽ 31.10.2021 വരെ | 09.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2016 മുതൽ 08.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 06.03.2016 |

## 1-11 നികുതി/നികുതിയേതര വരവുകളുടെ അവലോകനം

### കെട്ടിട നികുതി

ഗ്രാമപഞ്ചായത്തിൽ ആകെ ലഭിച്ച ഫോം ബി അപേക്ഷകൾ 168 എണ്ണമുണ്ട് ആയതിനാൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ലയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

30.03.23 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 4(3) തീരുമാനപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 ഉപചട്ടം (1) ൽ പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ളതുമായ സേവനങ്ങൾക്ക് അധികമായ് ഏതെങ്കിലും കെട്ടിടത്തിന് വേണ്ടി സേവനം പ്രത്യേകമായി സേവനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ടി ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്ന് ഫീസ് ഈടാക്കാവാൻ ശ്രദ്ധിക്കേണ്ടതാണ്.

### തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ

നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ആളുകളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നികുതി പിരിവ് പുരോഗതി അവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചിലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനത്തെയാണ്. തനത് ഫണ്ട് വരുമാനം പ്രധാന വരുമാന മാർഗ്ഗമായി കാണുന്ന ഒരു പഞ്ചായത്താണ് ഇത്. വാണിജ്യവ്യവസായ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഒരു പഞ്ചായത്തല്ലാത്തതിനാൽ വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്, ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ ഫീൽഡ് പരിശോധന നടത്തി മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

### 1-13 ദുരിതാശ്വാസ നിധി-പ്രവർത്തനക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് രാമമംഗലം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. 3321, കോ-ഓപ്പറേറ്റീവ് ബാങ്ക്). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത്നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായം ഒന്നും നൽകിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ₹6930/- മുന്നിരിപ്പും ₹280/- വരവും ₹7210/-നീക്കിയിരുപ്പും ഉണ്ട്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം പാലക്കുഴ ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന

ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ
2) കാലാവസ്ഥ വ്യതിയാനം – ദുരന്ത സാദ്ധ്യത വിശകലനം
3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ
4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം
5) ശേഷികളും വിഭവങ്ങളും
6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ
7) പ്രധാന ഫോൺ നമ്പരുകൾ

കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമാണ്.

## 1-15 വസ്തുനികുതി നിർണ്ണയ അപാകത

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി സഞ്ചയ അസസ്സ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം/ ഉപയോഗക്രമം | കെട്ടിടം സ്ഥിതിചെയ്യുന്ന റോഡിന്റെ തരവും പേരും/കെട്ടിടം സ്ഥിതിചെയ്യുന്നപ്രദേശം | കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല |
|---|---|---|---|---|
| 1 | രഘുനാഥൻ എം എസ് | 1/1 പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ രാമമംഗലം പെരുവംമൂഴി | പ്രഥമം |
| 2 | പി ജി മോഹനൻ | 1/2 പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ രാമമംഗലം പെരുവംമൂഴി | പ്രഥമം |
| 3 | എം പി നാരായണൻ നായർ | 1/3 പാർപ്പിടാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ രാമമംഗലം പെരുവംമൂഴി | തൃതീയം |
| 4 | സജി സി ജെ | 1/4 വാണിജ്യാവശ്യം | 5 മീറ്ററോ അതിൽ കൂടുതൽ രാമമംഗലം പെരുവംമൂഴി | ദ്വിതീയം |
| 5 | സി വി മത്തായി | 1/18 പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ പുതുക്കോൾ പൂമറ്റം റോഡ് | ദ്വിതീയം |
| 6 | എം എം വർഗ്ഗീസ് | 1/19 പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ പുതുക്കോൾ പൂമറ്റം റോഡ് | തൃതീയം |
| 7 | പൈലി യാക്കോബ് | 1/176 പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ പൂമറ്റം ശിവാലി റോഡ് | തൃതീയം |
| 8 | കെ എസ് പ്രവീൺ | 1/176/ATMP പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ പൂമറ്റം ശിവാലി റോഡ് | ദ്വിതീയം |
| 9 | റെജി കര്യാക്കോസ് | 1/201A പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ പൂമറ്റം ശിവാലി റോഡ് | പ്രഥമം |

| | | | | |
|---|---|---|---|---|
| 10 | വേണുഗോപാൽ | 12/6 പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ YMCA റോഡ് | പ്രഥമം |
| 11 | കുര്യൻ രാജു | 12/7 പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതൽ YMCA റോഡ് | തൃതീയം |
| 12 | കെ ആർ ശ്യാമള | 12/244/A പാർപ്പിടാവശ്യം | 1.5മീറ്ററോ അതിൽ കൂടുതൽ ചക്രവേലിപ്പടി പാംബൂരിപാടം | ദ്വിതീയം |
| 13 | രവീന്ദ്രൻ നായർ | 12/244 പാർപ്പിടാവശ്യം | 1.5മീറ്ററോ അതിൽ കൂടുതൽ ചക്രവേലിപ്പടി പാംബൂരിപാടം | തൃതീയം |

മേൽ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയതിനുള്ള കാരണം അറിയിക്കേണ്ടതും, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7ൽ നിർദേശിക്കുന്ന പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 04/16.08.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഒരേ മേഖലയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയതുമൂലം നികുതി നിർണ്ണയത്തിൽ കുറവ് സംഭവിക്കാനിടയുള്ളതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടേയും മേഖല നിർണ്ണയത്തിൽ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിച്ച് മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ഒരു തദ്ദേശഭരണ സ്ഥാപന പരിധിയിൽ ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 15/18.08.23 നൽകിയതിനുള്ള മറുപടിയിൽ ഡിമാന്റ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | കുടിശിക |
|---|---|---|---|---|
| 1 | റോസ് വില്ല ഇന്റീരിയേഴ്സ് | 11/566A | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | റിതിൻ ഗ്രാനൈറ്റ്സ് | 3/208 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | ബ്യൂട്ടി ലൈഫ് | 12/197/C | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | ഷാരോൺ ഗബ്ബേഴ്സ് | 5/248 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | വൈഗ ഗാർമെന്റ്സ് | 11/447 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |

## 1-17 സ്ഥാപന തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/18.08.23 നൽകിയതിനുള്ള മറുപടിയിൽ ഡിമാന്റ് നോട്ടീസ് നൽകിയതായി

അറിയിച്ചിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|
| സപ്ലൈകോ സൂപ്പർമാർക്കറ്റ്, രാമമംഗലം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| കെ എസ് ബി സി, രാമമംഗലം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ക്ഷീരോൽപാദക സഹകരണ സംഘം,മാമ്മലശ്ശേരി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ക്ഷീരോൽപാദക സഹകരണ സംഘം,രാമമംഗലം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-18 എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിലെ സഞ്ചയസോഫ്റ്റ്വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൻ പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ആകെ 1053 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 $M^2$ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ | 855 |
| 2 | 100 $M^2$ മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ | 95 |
| 3 | 200 $M^2$ മുകളിലുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 02 |
| 4 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 10 |
| 5 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 49 |
| 6 | ഇതര വ്യവസായങ്ങൾക്കുള്ളവ | 42 |
| | ആകെ | 1053 |

എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ 2022-23 വർഷത്തെ എഫ് ടി ഇ & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയ 195 കെട്ടിടങ്ങളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. ബാക്കിയുള്ള 858 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നവിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.18/19.08.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുന്ന 858 കെട്ടിടങ്ങളെ ലൈസൻസിന്റെ പരിധിയിൽ പെടുത്താതതിന് വിശദീകരണം നൽകേണ്ടതാണ്. മുഴുവൻ കെട്ടിടങ്ങളേയും ഉൾപ്പെടുത്തി ലൈസൻസ് രജിസ്റ്റർ കാലികമാക്കേണ്ടതും അതനുസരിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ 13 വാർഡുകളിലേക്കായി മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് ₹10000/- വീതം ₹ 130000/- (വൗച്ചർ നം./തീയതി 22200164/18.06.22) ചെലവായിട്ടുണ്ട്. വാർഡ് തല സാനിറ്റേഷൻ സമിതിയ്ക്ക് തനത്ഫണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിരിക്കുന്നത്. തുക ചെലവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ, മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2022-23 വർഷത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും, പ്രവർത്തന റിപ്പോർട്ടും, ചെലവ് രേഖകളും, പാസ്ബുക്കും പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/13.08.23) മറുപടി ലഭിച്ചില്ല. ആയതിനാൽ, മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ സമിതിയ്ക്ക് നൽകിയ ₹130000/- ചെലവ് രേഖകൾ

ഹാജരാക്കുന്നത് വരെ തടസപ്പെടുത്തുന്നു.

## 1-20 പാലിയേറ്റീവ് വാഹനത്തിന്റെ ചെലവുകൾ തനതുഫണ്ടിൽ നിന്നും നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015ലെ സ.ഉ.(സാധാ.)3217/2015/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയറിന് വേണ്ടിയോ, ആംബുലൻസ് സർവീസിന് വേണ്ടിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയതോ, ഈ ആവശ്യങ്ങളിലേക്കായി സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനത്തിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിലും, ആസ്തി രജിസ്റ്ററിലും ചേർത്ത ശേഷം പാലിയേറ്റീവ് കെയറിനും അതിന് മുടക്കം വരാത്ത രീതിയിൽ ആവശ്യമെങ്കിൽ ആംബുലൻസ് സർവീസിനും ഉപയോഗിക്കുന്നതിനായി മെഡിക്കൽ ഓഫീസർ കൺവീനറായുള്ള ഹോസ്പിറ്റൽ മാനേജിഗ് കമ്മറ്റിക്ക് (എച്ച്എംസി) രേഖാമൂലം കൈമാറേണ്ടതാണ്. മെഡിക്കൽ ഓഫീസർക്ക് വാഹനത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹന ഉപയോഗത്തിനുള്ള ചെലവ് എച്ച് എ0 സി വഹിക്കേണ്ടതാണ്. എന്നാൽ, രാമമംഗലം സിഎച്ച്സി പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിക്കുന്ന KL 17 N 1977 നമ്പർ വാഹനത്തിന്റെ 2022-23 വർഷത്തെ താഴെ കൊടുക്കുന്ന ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | ഇനം | തുക |
|---|---|---|---|
| 1 | 22200107/28.05.22 | വാർഷിക വാഹനനികുതി | ₹ 4449/- |
| 2 | 22200245/20.07.22 | വാഹന ഇൻഷ്വറൻസ് | ₹ 4127/- |
| ആകെ | | | ₹ 8576/- |

രാമമംഗലം സിഎച്ച്സി, എച്ച് എം സിയുടെ ബാങ്ക് അക്കൗണ്ടിൽ (കാനറ ബാങ്ക് രാമമംഗലം-0830101050510) പാലിയേറ്റീവ് വാഹനത്തിന്റെ ചെലവുകൾ നടത്തുന്നതിനുള്ള ഫണ്ട് ഉണ്ടായിരുന്നിട്ടും സർക്കാർ നിർദ്ദേശം പാലിക്കാതെ തനതു ഫണ്ടിൽ നിന്നും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 18/13.08.23) പാലിയേറ്റീവ് വാഹനം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. ആയതിനാൽ, വാഹനം മെഡിക്കൽ ഓഫീസർക്ക് കൈമാറി ചെലവുകൾ എച്ച്എംസി ഫണ്ടിൽ നിന്നും നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 റോഡ് കണക്ടിവിറ്റി മാപ്പ്- പ്രവൃത്തി പൂർണ്ണമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 90/23 |
| പ്രൊജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | ₹39000(വികസന ഫണ്ട്,പൊതുവിഭാഗം) |
| ചെലവ് | 0 |

പഞ്ചായത്ത് പരിധിയിലെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. 21-22 വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് പ്രോജക്ട് വെച്ചിരുന്നുവെങ്കിലും അത് റദ്ദ് ചെയ്യുകയും 2022-23 വർഷത്തിൽ പുതിയ പ്രോജക്ട് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ₹3000 ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ആസ്തികളുടെ വിവരം ശേഖരിക്കുന്നതിനായി ഷൈമോൻ കെ, നിധിൻ ബാബു എന്നീ രണ്ടു വ്യക്തികളെ 2022 ഓഗസ്ററ് മാസം പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം (21.7.22ലെ 1(1)നമ്പർ തീരുമാനം) നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരവും നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/19-8-23) ലഭ്യമാക്കിയ മറുപടിയിൽ മാപ്പിംഗുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാൽ പ്രവർത്തി പൂർണ്ണമാക്കാൻ കഴിഞ്ഞില്ല എന്നും ഈ വർഷം പ്രോജക്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 എസ്.എസ്.എ വിഹിതം (ജനറൽ)- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ്നം., പേര് | 15/23<br>എസ്.എസ്.എ വിഹിതം അടവാക്കൽ |
| അടങ്കൽ | 3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്) |
| ചെലവ് ബിൽ.നം- തീയതി | 3,00,000/-<br>115/26.11.22 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 3 ലക്ഷം രൂപ എസ്.എസ്.കെ ജില്ല കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിശദമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല (എൻക്വയറി-2/16.08.23) സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22-1 എസ്.എസ്.എ വിഹിതം(എസ്.സി)-വിനിയോഗ വിവരമില്ല

| | |
|---|---|
| പ്രോജക്റ്റ്നം, പേര് | 106/23<br>എസ്.എസ്.എ വിഹിതം (എസ്.സി) |
| അടങ്കൽ | 1,20,000 /- (എസ്.സി.പി ഫണ്ട്) |
| ചെലവ് ബിൽ.നം-തീയതി | 1,20,000 /-<br>111/23.11.22 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 1.2 ലക്ഷം രൂപ എസ്.എസ്.കെ ജില്ല കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിശദമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല (എൻക്വയറി.നം-11/17.08.23) സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കേണ്ടതാണ്.

2019-20 വർഷത്തിൽ ₹136544 ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ എസ് ജി ഡി, യിൽ നിന്നും ലഭിക്കാനുണ്ട്. എന്നാൽ നാളിതു വരെയും തുക ലഭിച്ചതായി കാണുന്നില്ല. തുക ഇതു വരെ ലഭിക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കുവാൻ എൻക്വയറി (നം.17/19.08.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ഇതു സംബന്ധിച്ച് 12-7-22 ന് ജില്ലാ പഞ്ചായത്തിന് ഇ-മെയിൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്തിന് ഇ-ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ എസ് ജി ഡിയിൽ നിന്നും ലഭിക്കാനുള്ള തുക എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-24 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ്നം, പേര് | 22/23<br>സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹9,17,280 /-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്) |
| ചെലവ് ബിൽ.നം, തീയതി | ₹9,06,587 /-<br>1) 260/13.03.23, 774948/-<br>2) 350/28.03.23, 131639/- |
| നിർവഹണം | സെക്രട്ടറി |

വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ₹9,06,587/- കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ

രേഖകൾ ലഭ്യമാക്കിയില്ല (എൻക്വയറി-2/16.08.23) പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പൊതുടാപ്പുകൾ- തുക ചെലവഴിച്ചതിലെ അപാകതകൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെപ്പറയും വിധം മൂന്ന് പ്രോജക്ടുകൾ പൊതുടാപ്പുകളുമായി ബന്ധപ്പെട്ട് തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട്നം, പേര് | 190/23 ഉപയോഗിക്കാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 122/23 ഉപയോഗിക്കാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 14/23 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
|---|---|---|---|
| അടങ്കൽ | 1,65,863 /- (വികസന ഫണ്ട്-ജനറൽ) | 1,60,137/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്) | 8,02,711/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്) |
| ചെലവ് ബിൽ.നം,തീയതി | 1,65,863 /- 269/16.03.23 | 1,60,137/- 192/09.02.23 | 8,02,711/- 1)221/24.02.23, 202580/- 2)295/22.03.23, 254783 3)313/25.03.23, 345348/- |

പൊതുടാപ്പുകൾ വിച്ഛേദിക്കൽ

21.10.22 മുതൽ 07.11.22 വരെയുള്ള കാലയളവിൽ പഞ്ചായത്തും വാട്ടർ അതോറിറ്റി അധികൃതരും സംയുക്തമായി പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ ആകെയുള്ളതായി കണ്ടെത്തിയ 210 ടാപ്പുകളിൽ 154 എണ്ണം വിച്ഛേദിക്കുവാൻ തീരുമാനിക്കുകയും എക്സി.എൻജിനീയർ, മൂവാറ്റുപുഴ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ (നം-എ3/580/19, 02.02.23) 154 ടാപ്പുകൾ കട്ട് ചെയ്യുന്നതിലേക്കായി ആകെ 326000/- രൂപ 190/23, 122/23 എന്നീ പ്രോജക്ടുകൾ മുഖേന വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയും ചെയ്തു. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെപ്പറയുന്നു.

എ) വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയത്.

ബി) പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സി) തുക മുൻകൂർ നിക്ഷേപിച്ചിട്ടും പ്രവൃത്തി പൂർത്തിയാക്കാതെ നിലവിലുണ്ടായിരുന്ന ടാപ്പുകളുടെ ചാർജ് തന്നെ ഈടാക്കി വരുന്നതിലെ അപാകത അതോറിറ്റിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോയെന്നും മുൻകൂർ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി ബിൽ റിവൈസ് ചെയ്ത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് എൻക്വയറി (നമ്പർ-6/17.08.23) നൽകിയതിന് സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം നിലനിർത്തിയിട്ടുള്ള 56 ടാപ്പുകളുടെ ചാർജ് മാത്രം ഉൾപ്പെടുത്തി ഡിമാന്റ് റിവൈസ് ചെയ്ത് നൽകുന്നതിന് അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

വെള്ളക്കരമിനത്തിൽ ₹802711/- (പ്രോജക്ട്.നം-14/23) വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരാമർശങ്ങൾക്ക് പൂർണമായി വിശദീകരണം ലഭ്യമാക്കിയില്ല. (എൻക്വയറി നമ്പർ-6/17.08.23)

എ) വാട്ടർ അതോറിറ്റിയുടെ 2023 മാർച്ച് മാസത്തിലെ ബിൽ നോട്ടീസ് (72331/10.03.23) പ്രകാരം ഫൈൻ ഉൾപ്പെടെ ₹1,47,94,497/- യാണ് വെള്ളക്കരമിനത്തിൽ അടവാക്കുവാൻ അവശേഷിക്കുന്നത്.

എന്നാൽ 2021-22, 2022-23 വാർഷികകണക്കുകളനുസരിച്ച് (B9ഷെഡ്യൂൾ-350100903) ബാധ്യത ₹1,01,04,343/-യാണ്. 2021-22 വർഷം പ്രോജക്ട് മുഖേന (പ്രോജക്ട് നം-5/22 തുക-10,13,500) കരം അടവാക്കിയിട്ടുണ്ട്. എന്നാൽ ബാധ്യത തുകയിൽ മാറ്റം വരുത്താത്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് കുടിശിക പലിശ രഹിതമായി നിലനിർത്തി ഗഡുക്കളായി അടവാക്കുന്നതിന് അനുമതിക്കായി വാട്ടർ അതോറിറ്റിയിൽ കത്ത് നൽകിയിരുന്നുവെന്നും ആയത് പ്രകാരമുള്ള അരിയർ തുക ലഭ്യമാകാത്തതിനാലാണ് കണക്കിൽ ഉൾപ്പെടുത്താതിരുന്നതെന്നും അറിയിച്ചു. വാർഷികകണക്കുകളുടെ അപാകതയിൽ (ഖണ്ഡിക-1) വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) 2022-23 വർഷം തനത് ഫണ്ടിൽ നിന്നും വാട്ടർചാർജ് അടവാക്കിയിട്ടില്ലായെന്ന് വൗച്ചർ പരിശോധനയിൽ കാണുന്നു. ബില്ലുകൾ ലഭ്യമാകുന്നതിന് അനുസരിച്ച് പ്രതിമാസം വെള്ളക്കരം അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല.

സി) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന ₹1,47,94,497/- കുടിശ്ശികയുടെ കൃത്യത പഞ്ചായത്തിലെ അടവ് രേഖകളുമായി ഒത്ത് പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയത് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിശദവിവരങ്ങളൊന്നും തന്നെ (കുടിശ്ശികയായ വർഷം, തുക, അടവാക്കിയ തുക, ബാക്കി തുക, അടവ് രേഖകൾ എന്നിങ്ങനെ) ലഭ്യമാക്കിയില്ല.

ഡി) കുടിശ്ശിക തുക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും (ഉദാ-OTS) ഭരണവകുപ്പുമായോ സർക്കാരുമായോ വിഷയത്തിൽ കത്തിടപാട് നടത്തിയതിന്റെ വിവരവും നൽകിയില്ല.

എൻക്വയറി മുഖേന ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1) ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റ് തുകകളിൽ നിന്നും ജലഅതോറിറ്റിയുടെ ഡിമാന്റ് പ്രകാരം വിവിധ തവണകളായി ഉറവിടത്തിൽ കുറവ് ചെയ്ത് നേരിട്ട് ജലഅതോറിറ്റിക്ക് അടവാക്കിയ തുകകളും പഞ്ചായത്ത് പ്രത്യേകമായി പദ്ധതി ആവിഷ്കരിച്ച് അടവാക്കിയ തുകകളും കണക്കിൽ വരവ് വരുത്താതെയാണോ ഇത്ര ഭീമമായ തുക കുടിശ്ശിക ആയി ഡിമാന്റ് ചെയ്യപ്പെടുന്നത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ സഹിതം കൃത്യമായ തുടർനടപടികളിലൂടെ ഡിമാന്റ് ചെയ്യപ്പെട്ട ഭീമമായ ബാദ്ധ്യത കുറയ്ക്കുവാൻ ശ്രമിക്കേണ്ടതും യഥാർത്ഥ കണക്കുകൾ ബോദ്ധ്യപ്പെട്ടുമാത്രം വെള്ളക്കരം കുടിശ്ശിക അടവാക്കേണ്ടതുമാണ്. വിഷയത്തിലേയ്ക്ക് ഭരണവകുപ്പിനേയും കൂടി ഇടപെടുത്തി സർക്കാരിന്റെ സഹായം തേടാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്ത് നിന്നും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ഇക്കാര്യത്തിലുണ്ടാവുന്നത് ഫലം ചെയ്യുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) നാളിത് വരെ അടവാക്കിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്തി B-9 ഷെഡ്യൂളിലെ വെള്ളക്കരമിനത്തിലുള്ള ബാധ്യത ക്രമീകരിക്കേണ്ടതാണ്.

പൊതുടാപ്പുകൾ വിച്ഛേദിക്കൽ നടപടികൾ അടിയന്തിരമായി പൂർത്തിയാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിനിയോഗ സാക്ഷ്യപത്രവും റിവൈസ് ചെയ്ത വാട്ടർ ബില്ലും ഹാജരാക്കേണ്ടതുമാണ്. അത് വരെ 190/23, 122/23 നമ്പർ പ്രോജക്ടുകൾ മുഖേന ചെലവഴിച്ച ₹3,26,000/- തടസ്സപ്പെടുത്തുന്നു.

## 1-26 പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തികൾ

വിവിധ നിക്ഷേപപ്രവൃത്തികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് 2019-20 വർഷം മുതൽ നൽകിയ അഡ്വാൻസ് തുകകളുടേയും (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റേയും സാക്ഷ്യപത്രം ലഭ്യമാകാതെ പ്രസ്തുത സ്ഥാപനങ്ങളുടെ പക്കൽ അവശേഷിക്കുന്ന തുകയുടേയും വിവരങ്ങൾ താഴെക്കൊടുക്കുന്നു.

എ)കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

| പ്രവൃത്തിയുടെപേര്, നടപ്പാക്കിയ | മുൻകൂർ നല്കിയ തുക വൗച്ചർ | യൂട്ടിലൈസേഷൻ ലഭ്യമായ തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| വർഷം | നം,തീയതി | | തുക |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 2021-22 | 693392/- 42100613/ 31.03.2022 | 155123/- | 538269/- |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 2020-21 | 716845/- വൗച്ചർ.നം ലഭ്യമാക്കിയില്ല തീയതി- 25.05.20 | 650800/- | 66045/- |

ബി) കേരള വാട്ടർ അതോറിറ്റി

| പ്രവൃത്തിയുടെ പേര്, നടപ്പാക്കിയ വർഷം | മുൻകൂർ നല്കിയ തുക ബിൽ. നം,തീയതി | യൂട്ടിലൈസേഷൻ ലഭ്യമായ തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| ഇളങ്ങൂർതടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 2019-20 | 675900/- 28/17.03.2020 | 611125/- | 0 (യൂട്ടിലൈസേഷൻ ലഭ്യമായത് കിഴിച്ചുള്ള തുക റീഫണ്ട് ചെയ്തിട്ടുണ്ട്) |

മേൽ നിക്ഷേപപ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം- 9/17.08.23) ലഭ്യമായ മറുപടി കൂടി പരിഗണിച്ചുള്ളത് താഴെച്ചേർക്കുന്നു.

1) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചതിൽ അവശേഷിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.
2) ഇളങ്ങൂർതടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കുവാൻ അവശേഷിച്ച ₹64775/- അതോറിറ്റി മടക്കിത്തന്നത് പദ്ധതി ഫണ്ടിനം പരിശോധിച്ച് അതാത് ഫണ്ടിലേയ്ക്ക് അടവാക്കി വിവരമറിയിക്കേണ്ടതാണ്.
3) നിലവിൽ സൂക്ഷിച്ച് വരുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിക്ഷേപപ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത പ്രവൃത്തികളുടേയും പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2022-23 വർഷത്തെ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ ഭാഗം 4-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-27 നെൽക്കൃഷി സംരക്ഷണം- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല

| പ്രൊജക്റ്റ്നം, പേര് | 100/23 നെൽക്കൃഷി സംരക്ഷണം | 30/23 (SO) നെൽക്കൃഷി സംരക്ഷണം |
|---|---|---|
| അടങ്കൽ | 24,00,000 /- 12,00,000/-(വികസന ഫണ്ട്) 12,00,000/-(ജില്ലപഞ്ചായത്ത് വിഹിതം) | 2,67,870 /- (വികസന ഫണ്ട്) |
| ചെലവ് | 21,66,400 /- 11,22,400/-(വികസന ഫണ്ട്) 10,44,000/-(ജില്ലപഞ്ചായത്ത് വിഹിതം) | 2,67,870 /- |
| ബിൽ.നം- തീയതി | വികസന ഫണ്ട് 1)196/09.02.23, 87032/- | 17/13.06.22 |

| | | |
|---|---|---|
| | 2)197/09.02.23, 184000/-<br>3)198/09.02.23, 280968/-<br>4)201/13.02.23, 294400/-<br>5)202/13.02.23, 276000/-<br>ജില്ലപഞ്ചായത്ത് വിഹിതം<br>1)BRN-22120352098601039861<br>തീ-12.01.23, 160000/-<br>2)BRN-22120352098601134606<br>തീ-03.02.23, 75680/-<br>3)BRN-22120352098601134572<br>തീ-03.02.23, 244320/-<br>4)BRN-22120352098601134583<br>തീ-03.02.23, 256000/-<br>5)BRN-22120352098601169221<br>തീ-09.02.23, 240000/-<br>6)BRN-22120352098601175255<br>തീ-10.02.23, 68000/- | |
| നിർവഹണം | കൃഷി ഓഫീസർ | |

നെൽക്കൃഷിക്ക് കൂലിച്ചെലവിനത്തിൽ സബ്സിഡി നൽകി കർഷകരെ സഹായിക്കുന്നതിനായാണ് മേൽ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഇരു പദ്ധതികളിലും ആനുകൂല്യതുക പൂർണമായി ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ലായെന്ന് ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട്.നം | ബിൽ റഫറൻസ് നമ്പർ | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| | എ) പ്രൊജക്ട്നം.-30/23(SO) | | | |
| 1 | വിജയമ്മ ശ്രീരാമൻ<br>458402010002066(CNR)<br>ട്രഷറിബിൽ ക്രമ.നം-217 | 17/13.06.22 | 2058 | Return To Government A/c |
| 2 | ബാബു.ടി.എം<br>423069685489(CNR)<br>ട്രഷറിബിൽ ക്രമ.നം-221 | | 1050 | |
| 3 | സന്തോഷ്.കെ<br>57034721318(UBI)<br>ട്രഷറിബിൽ ക്രമ.നം-33 | | 1512 | |
| | ആകെ | | 4620 | |
| ബി) പ്രൊജക്ട്നം-100/23 | | | | |
| 1 | സന്തോഷ്.കെ<br>57034721318(UBI) | 197/09.02.23<br>ട്രഷറിബിൽക്രമ.നം-2<br>(വി.ഫണ്ട്) | 2686 | Return To Government A/c |
| 2 | ചിന്നമ്മ വർഗീസ്<br>83010150872(CNR) | 198/09.02.23<br>ട്രഷറിബിൽക്രമ.നം-3<br>(വി.ഫണ്ട്) | 1619 | |
| 3 | സന്തോഷ്.കെ<br>57034721318(UBI) | BRN-22120352098601039861/<br>12.01.23 (ക്രമ.നം-6)<br>(ജി.പ ഫണ്ട്) | 2336 | |
| 4 | ചിന്നമ്മ വർഗീസ്<br>83010150872(CNR) | BRN-22120352098601134583/<br>03.02.23 (ക്രമ.നം-21)<br>(ജി.പ ഫണ്ട്) | 1408 | |
| | ആകെ | | 8049 | |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി-21/21.08.23) തൻവർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ടിയാളുകൾക്ക് തുക നൽകുമെന്നറിയിച്ചിട്ടുണ്ട്. അർഹതപ്പെട്ട ആനുകൂല്യം

ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് വരവായതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ₹12669/-(എ-4620+ബി-8049) തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഭാഗം 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 290000 | ലൈഫ് ഭവനപദ്ധതി - ജനറൽ (SO) | 290000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 440522 | ലൈഫ് ഭവനപദ്ധതി - എസ് സി (SO) | 440522 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 375800 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 375800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 38922 | ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ | 38922 | 0 |
| ആകെ | | 1445244 | | 1445244 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1044000 | നെൽകൃഷി സംരംക്ഷണം | 1044000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 160000 | എസ് സി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്- | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1010000 | വരണ്ടകപ്പാടം സംരക്ഷണം | 1010000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 800000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 140000 | ലൈഫ് ഭവനപദ്ധതി - ജനറൽ (SO) | 140000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ആകെ | | 3554000 | | 3554000 | 0 |

നോട്ട്- ഷെഡ്യൂൾ ബി-3 ൽ ₹38,922/-യും I-6 ൽ ₹14,06,322/-യും ആയാണ് വാർഷികകണക്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ബിൽ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൊതുടാപ്പ് വിച്ഛേദിക്കൽ 190/23 | 165863 | 269/ 16.03.2023 | 0 | 165863 |
| | പൊതുടാപ്പ് വിച്ഛേദിക്കൽ 122/23 | 160137 | 192/ 09.02.2023 | 0 | 160137 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 22/23 | 9,06,587 | 1)260/13.03.23 2)350/28.03.23 | 0 | 906587 |

മേൽ നിക്ഷേപപ്രവൃത്തികളുടെ ചെലവ് ജേർണൽ വൗച്ചർ മുഖേന വാർഷികകണക്കിൽ പെടുത്തിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം കെ.എസ്.ഇ.ബി യിൽ ₹15,10,901/- യുള്ള പ്രവൃത്തികൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച പരാമർശങ്ങൾ ഖണ്ഡിക 1-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2022-23 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| വായ്പ-ലൈഫ് ഭവനനിർമ്മാണം | ജിഒ(എംഎസ്) 6105/2019/fin. Dt.01.08.2019 | 26,68,000 | 731999 | 1245172 | 0 | -513173 |

ലൈഫ് ഭവനപദ്ധതി പൊതുവിഭാഗത്തിൽ ₹7,93,762/-യും (188/23-396881, 193/23-396881) എസ്.സി

വിഭാഗത്തിൽ ₹4,51,410/-യും (194/23-225705, 189/23-225705) ഉൾപ്പെടെ ₹12,45,172/- സ്രോതസ്സിൽ നിന്നും ജി.ഒ. പ്രൊജക്റ്റുകൾ വഴി കുറവ് ചെയ്തിട്ടുണ്ട്. ലോണിനത്തിൽ പഞ്ചായത്തിന്റെ ബാധ്യത ₹7,31,999/- യാണെന്നിരിക്കെ ₹5,13,173/- അധികമായി വികസനഫണ്ടിൽ നിന്നും സ്രോതസിൽ കുറവ് ചെയ്യപ്പെട്ടിട്ടുണ്ട്. അപാകത ഖണ്ഡിക 1-1-4 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം | തീയതി |
|---|---|---|---|---|---|
| 2020-21 | 26 | 1200 | കൊച്ചുതോട്ടത്തിൽ മിൽസ് | 0594 | 14.7.22 |
| 2020-21 | 1-13 | 3800 | സ്റ്റീഫൻ | 1886 | 19.11.22 |
| 2020-21 | 1-14 | 50 | എസ് ആർ ടയേഴ്സ് | 1893 | 19.11.22 |
| 2020-21 | 1-13 | 1400 | മണി കെ | 1894 | 19.11.22 |
| 2020-21 | 1-13 | 1400 | അനിൽ മോഹൻ | 1895 | 19.11.22 |
| 2020-21 | 1-13 | 900 | രജനി വി | 1896 | 19.11.22 |
| 2020-21 | 1-13 | 1400 | രാധാ കെ എസ് | 1897 | 19.11.22 |
| 2020-21 | 1-14 | 1400 | ആതിര സത്യൻ | 1951 | 26.11.22 |
| 2020-21 | 1-13 | 100 | മാതാ ഫ്ലവർ മിൽ | 2042 | 03.12.22 |
| 2020-21 | 1-13 | 1200 | ചിന്നു മത്തായി | 2043 | 03.12.22 |
| | ആകെ | 12,850 | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 2006-07 | 3-47-1 | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | മറുപടി നൽകിയിട്ടുണ്ട് |
| 2013-14 & 2014-15 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽനികുതി | മറുപടി നൽകിയിട്ടുണ്ട് |
| 2019-20 | 1-23 | 2020-21 | | ക്യാൻസർരഹിത എറണാകുളം പദ്ധതിയുടെ വിശ വിവരങ്ങൾ ഹാജരാക്കില്ല | മറുപടിയും, അനുബന്ധരേഖകള നൽകിയിട്ടുണ്ട് |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 2,52,34,058.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,15,77,354.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,95,256 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,30,000 | ശ്രീമതി സിന്ധു വി, സെക്രട്ടറി |
| 1-22 | 3,00,000 | ശ്രീ.ജോർജ് വി, സെക്രട്ടറി |
| 1-22-1 | 1,20,000 | ശ്രീ.റെയ്സൺ.വി.വർഗ്ഗീസ്, അസി:സെക്രട്ടറി |
| 1-24 | 9,06,587 | ശ്രീ.ജോർജ് വി, സെക്രട്ടറി |
| 1-25 | 3,26,000 | ശ്രീ.ജോർജ് വി, സെക്രട്ടറി |
| 1-27 | 4,620 | ശ്രീമതി.ഗായത്രി.എം.എൻ കൃഷി ഓഫീസർ |
| | 8,049 | ശ്രീമതി.പ്രിയമോൾതോമസ് കൃഷി ഓഫീസർ |
| ആകെ | 1795256 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോർജ്.വി, സെക്രട്ടറി | സെക്രട്ടറി രാമമംഗലം ഗ്രാമപഞ്ചായത്ത് | തോട്ടുമുഖത്ത് വീട്, ശക്തികുളങ്ങര പി ഒ, കൊല്ലം. |
| ശ്രീമതി.സിന്ധു.വി, സെക്രട്ടറി | സെക്രട്ടറി പൂതൃക്ക ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം-B-4 ഡയമണ്ട് ടവർ സെന്റ് തോമസ് സ്കൂൾ,തേവര, പെരുമാനൂർ |
| ശ്രീ.റെയ്സൺ.വി.വർഗ്ഗീസ്, അസി:സെക്രട്ടറി | അസി:സെക്രട്ടറി രാമമംഗലം ഗ്രാമപഞ്ചായത്ത് | വരിക്കൽ, കുന്നപ്പിള്ളി, പെരുവ പി ഒ, കോട്ടയം |
| ശ്രീമതി.പ്രിയമോൾതോമസ് കൃഷി ഓഫീസർ | കൃഷി ഓഫീസർ രാമമംഗലം ഗ്രാമപഞ്ചായത്ത് | തരണിയിൽ വീട്, നിർമ്മല കോളേജ് പി ഒ, മൂവാറ്റുപുഴ. |
| ശ്രീമതി.ഗായത്രി.എം.എൻ കൃഷി ഓഫീസർ | കൃഷി ഓഫീസർ ചെല്ലാനം | ഫ്ലാറ്റ് നം- ആർ.ഡി.എസ് ഒയാസിസ് |

| | ഗ്രാമപഞ്ചായത്ത് | ജവഹർ നഗർ, കടവന്ത്ര |
|---|---|---|

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(1)/2019/5.8.2019 | 11 |
| 2 | 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(2)/2019/5.8.2019 | 17 |
| 3 | 1998-99 | എൽ.എഫ്.ഇ.(പി.3) 1161/2000 /23.3.2001 | 40 |
| 4 | 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(4)/2019/5.8.2019 | 3 |
| 5 | 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(5)/2019/5.8.2019 | 3 |
| 6 | 2008-09, 2009-10, 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(6)/2019/5.8.2019 | 12 |
| 7 | 2011-12, 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(7)/2019/5.8.2019 | 10 |
| 8 | 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(8)/2019/5.8.2019 | 1 |
| 9 | 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.9) 2045/2016 | 8 |
| 10 | 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.9)1485/2017/11.09.2017 | 10 |
| 11 | 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1610/2018 | 10 |
| 12 | 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.9)004/2020/3.2.2020 | 9 |
| 13 | 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.9)492/2021/30.03.2021 | 8 |
| 14 | 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.9)461/22/01.08.2022 | 48 |
| 15 | 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി.9)152/23/13/04/2023 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number (3) dated 04-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ramamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Ramamangalam Grama Panchayat for the year 2022-2023

Date: 19/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ramamangalam Grama Panchayat for the Year 2022-2023.

**1.Major Observations**

1). Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2). Lack of Panchayath Raj Budget rules adversely affecting budgetary control system.

3). The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4). Non inclution of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for

audit. Ratios and Notes on Accounts.

2) Amount paid for Street tap rent in the previous year is not included in AFS 2023-24, & Liability remains the same as previous year.

3) Cash Flow statement Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4) An excess amount of Rs.513173 is deducted at source from grants the LIFE housing Loan, is not incorporated in the Balance Sheet.

5) Specific purpose grants are neither utilised nor remitted back to concerned heads, So remains as liability in Balance sheet

6) The arrears under property tax (non residential) head as per Schedule B-15 amounts to Rs156316/- But the provision for doubtful debts for tax and non tax revenues as per G.O 152/2011/LSGD dtd 26/07/2011, Rule 58(4)H of Kerala Panchayath Raj Accounting rules, 2011 is not made in the Income & Expenditure Statement.

7) Dues to Government & other institutions are remaining as Liability.

8) Deposits, not adjusted within three years, are not refunded to Own fund.

9) Accounts without transactions are not closed.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്